# യൂണിറ്റ് 1

# സസ്യലോകത്തെ അടുത്തറിയാം

 

മുകളിൽ കൊടുത്തിരിക്കുന്ന ചിത്രങ്ങൾ നിരീക്ഷിക്കൂ..... ഏതൊക്കെ ഭക്ഷ്യവസ്തുക്കളാണ് അതിൽ കാണുന്നത്?

എവിടെ നിന്നാണ് അവ ലഭിക്കുന്നത്?

സസ്യങ്ങളുടെ ഏത് ഭാഗത്തു നിന്നാണ് അവ ലഭിക്കുന്നത്?

സസ്യങ്ങളുടെ വിവിധഭാഗങ്ങളായ വേര്, കാണ്ഡം, ഇല, വിത്ത്, ഫലം, പൂവ് എന്നിവ നാം ആഹാരമാക്കുന്നു.

ഓരോ സസ്യത്തിലും ഭക്ഷ്യയോഗ്യമായ ഭാഗം വ്യത്യസ്തമാണ്.

| വേര് | കാണ്ഡം | ഇല | വിത്ത് | പൂവ് | ഫലം |
|---|---|---|---|---|---|
| മരച്ചീനി | കരിമ്പ് | ചീര | നെല്ല് | കോളിഫ്ളവർ | മത്തൻ |
| കാരറ്റ് | ചേന | കാബേജ് | ഗോതമ്പ് | മുരിങ്ങ | ആപ്പിൾ |
| ബീറ്റ്റൂട്ട് | ഉരുളക്കിഴങ്ങ് | മുരിങ്ങ | ചോളം | വാഴക്കുമ്പ് | കുമ്പളം |
| മധുരക്കിഴങ്ങ് | ചേമ്പ് | മത്തൻ | ബാർലി | റോസാപ്പൂ | മുരിങ്ങ |
| റാഡിഷ് | വാഴപ്പിണ്ടി | മല്ലി | ഓട്സ് | ചെമ്പരത്തിപ്പൂവ് | പടവലം |
| കൂർക്ക | ഇഞ്ചി | ചേമ്പില | കടുക് | കുങ്കുമപ്പൂവ് | വാഴപ്പഴം |